**ദേശീയ മുസ്ലീം നയം: നമ്മൾ കൈപ്പിടി മാറ്റേണ്ടതുണ്ട്**

*ഡോ. സയ്യിദ് സഫർ മഹ്മൂദ്, പ്രസിഡന്റ്, സക്കാത്ത് ഫൌണ്ടേഷൻ ഓഫ് ഇന്ത്യ, ന്യൂഡൽഹി ഇമെയിൽ വിലാസം:* info@zakatindia.org

തുല്യ അന്തസ്സാണ് ഓരോ മനുഷ്യജീവിയിലും താൻ ചൊരിഞ്ഞിരിക്കുന്നതെന്ന് വിശുദ്ധ ഖുറാനിൽ (17.70) അള്ളാഹു പറയുന്നു. പരസ്പരമുള്ള തിരിച്ചറിവും ആശയവിനിമയപരമായ സൌകര്യവും നൽകുന്നതിലേക്കായി താൻ മനുഷ്യകുലത്തെ രാജ്യങ്ങളും ഗോത്രങ്ങളും ആക്കിയെന്ന് വിശുദ്ധ ഖുറാനിൽ മറ്റൊരിടത്ത് (49.13) അള്ളാഹു വെളിപ്പെടുത്തുന്നുണ്ട്. ഇങ്ങനെ, ദൈവികമായ അംഗീകാരവും പരിലാളനയും വ്യക്തികൾക്കും സമൂഹങ്ങൾക്കും ലഭിക്കുന്നു. വ്യക്തിയുടെയും സമൂഹത്തിന്റെയും സോദ്ദേശ്യങ്ങൾക്കും ഐശ്വര്യത്തിനുമുള്ള പ്രധാന വ്യവസ്ഥയായി ഔചിത്യത്തിന്റെയും വിവേകത്തിന്റെയും സ്ഥിരതയുടെയും പരമകാരുണികന്റെ സന്ദേശം വിശുദ്ധ ഖുറാന്റെ ഒരു ഡസനിലധികം അധ്യായങ്ങളിലായി പരന്നുകിടക്കുന്ന പല വരികളിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. ഇതൊക്കെ പറയുമ്പോൾ തന്നെ, ദൈവത്തിന്റെ അഭിസംബോധനകളിൽ മുഴുവൻ മനുഷ്യകുലവും ഉൾപ്പെടുന്നു - മനുഷ്യവംശത്തിന്റെ എല്ലാ വിഭാഗങ്ങളോടും ഉള്ളതാണ് ആ അഭിസംബോധനകൾ.
പട്ടികജാതികൾക്കെതിരെയും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് എതിരെയും നിലനിൽക്കുന്ന സാമൂഹിക വിവേചനം എങ്ങനെ പരിഹരിക്കാമെന്നും അവരെ ഒപ്പം കൂടെക്കൂട്ടിക്കൊണ്ട്, ഇന്ത്യയിലെ വേണ്ടത്ര പരിഗണന ലഭിക്കാത്ത മുസ്ലീം, ക്രിസ്ത്യൻ സമൂഹങ്ങൾക്ക് എങ്ങനെ നീതി പുനസ്ഥാപിക്കാൻ കഴിയുമെന്നും മുകളിൽ പറഞ്ഞ ത്രിത്വ ദൈവികാനുശാസനകൾ എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്ന് നമുക്ക് പരിശോധിക്കാം.

1947-ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചതിന് ശേഷമുള്ള 65 വർഷക്കാലത്തെ സമകാലീന ചരിത്രം പരിശോധിക്കുമ്പോൾ പുരോഗതിയുടെ ഓരോ മേഖലയിലും മറ്റ് ഏതൊരു മതവിഭാഗത്തിനേക്കാളും വളരെ പിന്നിലാണ് മുസ്ലീം സമൂഹമെന്നത് അസ്സന്നിഗ്ധം കാണിച്ചുതരുന്ന തെളിവുകൾ ലഭിക്കും. സച്ചാർ കമ്മറ്റിയും മിശ്ര കമ്മീഷനും രേഖപ്പെടുത്തിയ റിപ്പോർട്ടുകൾ ഇപ്പോൾ പൊതുജനങ്ങൾക്ക് ലഭ്യമാണ്, ഇവയും ഈ സംഗതികൾ തന്നെയാണ് ചൂണ്ടിക്കാട്ടുന്നത്. ഈ പിന്നോക്ക അവസ്ഥയ്ക്ക് കാരണമായി ഇനിപ്പറയുന്ന വസ്തുതകളാണ് ഈ റിപ്പോർട്ടുകൾ പറയുന്നത്: (1) പട്ടിക ജാതികളെ നിവചിക്കുന്ന കേന്ദ്ര ഭരണസമിതിയുടെ ഓർഡറിനാൽ, 1950 മുതൽ മുസ്ലീങ്ങളും ക്രിസ്ത്യാനികളും, പാർലിമെന്റ് - നിയമസഭാ അസംബ്ലികളിലെ അംഗത്വം, സർക്കാർ ജോലികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ 15 ശതമാനത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടു. (2) ഒട്ടേറെ മുസ്ലീങ്ങൾ ഉള്ള പല നിയോജക മണ്ഡലങ്ങളും, അവിടെയുള്ള പട്ടികജാതിക്കാരുടെ എണ്ണം തുലോം കുറവാണെങ്കിൽ പോലും, പട്ടികജാതിക്കാർക്കായി നീക്കിവച്ചു. (3) ദേശീയ വികാരത്തിൽ ഉൾച്ചേർന്നിരിക്കുന്ന ഒരു കാര്യമാണ് മുസ്ലീം-വിരുദ്ധ മുൻവിധി. (4) മാറിമാറി വരുന്ന സർക്കാരുകൾ ചെയ്യുന്നത് കുറച്ച് മുസ്ലീങ്ങളെ തിരഞ്ഞെടുക്കുകയും ഒപ്പുവിതറും പോലെ അവരെ സർക്കാർ പദവികളിൽ പ്രതിഷ്ഠിക്കുകയും മുസ്ലീം സമൂഹത്തെ തൃപ്തിപ്പെടുത്തുകയുമാണ്, രാജ്യത്തെ മുസ്ലീം

ജനസംഖ്യയുമായി ഇത് താരതമ്യപ്പെടുത്തുമ്പോൾ അടിസ്ഥാനപരമായ അവകാശങ്ങളും നീതിയും നിഷേധിക്കപ്പെടുകയാണ്.

കഴിഞ്ഞ 65 വർഷക്കാലമായി തുടരുന്ന ഇത്തരം കാര്യങ്ങളിലൂടെ - മുഴുവൻ രാഷ്ട്രീയ മണ്ഡലത്തിലും വ്യാപിച്ചുകിടക്കുന്ന വിദഗ്ധമായി ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ള പദ്ധതികളിലൂടെ - സ്വന്തം നിലനിൽപ്പുമായി ബന്ധപ്പെട്ട് അനിശ്ചിതത്വത്തിന്റെയും ഭയത്തിന്റെയും മൂടുപടലത്തിൽ മുസ്ലീം സമൂഹം കഴിഞ്ഞുപോന്നു. മതനിരപേക്ഷത എന്ന് വിളിക്കപ്പെടുന്ന ആശയമാകട്ടെ, മുസ്ലീം സമൂഹത്തിന്റെ പരിരക്ഷയ്ക്കും സുരക്ഷയ്ക്കും എതിരായി മുസ്ലീം വോട്ടുകൾ ആവശ്യപ്പെടുന്നു. എന്നാൽ മറുവശത്താകട്ടെ, വലതുപക്ഷ വാദികൾ നിഷ്കളങ്കരും വിദ്യാഭ്യാസമില്ലാത്തവരുമായ മുസ്ലീങ്ങളല്ലാത്ത വോട്ടർമാരെ "മുസ്ലീം കടന്നാക്രമണം ഹിന്ദു സമൂഹത്തെ അപകടപ്പെടുന്നത് തടയാൻ" (സത്യത്തിൽ ഇങ്ങനെയൊന്നില്ല എന്നതാണ് വാസ്തവം) കൂട്ടുപിടിക്കുന്നു. ഈ പ്രക്രിയ തുടർന്ന് നടക്കുമ്പോൾ, മുസ്ലീം പൗരന്മാരെ വിദേശികളായോ തീവ്രവാദികളായോ ചിത്രീകരിക്കുന്നത് രാഷ്ട്രീയക്കാർക്കിടയിലും ഉദ്യോഗസ്ഥ വൃന്ദത്തിനിടയിലും ഒരു ഫാഷനായി മാറുന്നു. വർഷങ്ങളെ മുസ്ലീം യുവാക്കളെ തടവിലിടുന്നതും തുടർന്ന് തെളിവില്ലെന്ന് കണ്ട് അല്ലെങ്കിൽ കുറ്റക്കാരെല്ലെന്ന് കണ്ട് അവരെ ജയിൽ വിമോചിതരാക്കുന്നതും പിന്നീട് അവർക്ക് നടന്ന നീതിനിഷേധത്തെ കുറിച്ച് മറക്കുന്നതും ദേശീയ സംസ്കാരം ആയിരിക്കുന്നു. സ്കൂൾ പാഠപുസ്തകങ്ങളിൽ മുസ്ലീങ്ങളെ കരിവാരിത്തേക്കുന്ന പാഠഭാഗങ്ങൾ ഉണ്ടാകുന്നത് ഈ മുസ്ലീം വിരുദ്ധ പകർച്ചവ്യാധിയുടെ ബാക്കിപത്രമായാണ്. ഇങ്ങനെ ഉപബോധമനസ്സിൽ പലതരത്തിലുള്ള അനിശ്ചിതത്വങ്ങളും പേറിക്കൊണ്ടാണ് മുസ്ലീം യുവാക്കൾ പ്രായപൂർത്തിയാകുന്നത്.

മുസ്ലീം സമൂഹത്തിന്റെ ദേശീയ സ്വത്വം, അന്തസ്സ്, ആന്തരിക ഐക്യം എന്നിവയ്ക്ക് മേൽ നടക്കുന്ന ആസൂത്രിതവും ആവർത്തിച്ചുനടക്കുന്നതുമായ അത്തരം ആക്രമണങ്ങൾ അഭിമുഖീകരിക്കുമ്പോഴും ചർച്ചചെയ്യുമ്പോഴും കൈകാര്യം ചെയ്യുമ്പോഴും മുസ്ലീം സമൂഹത്തിന്റെ സഹനശീലത്തിന്റെ പാത്രം നിറഞ്ഞൊഴുകുന്നു. മുസ്ലീം ഉപബോധ മനസ്സിൽ ഇത് ആഘാതങ്ങൾ സൃഷ്ടിക്കുന്നു, സമൂഹത്തിന്റെ പുരോഗതിക്കും ഉന്നമനത്തിനും ചെലവാക്കേണ്ടുന്ന ഊർജ്ജം ഇത്തരം കാര്യങ്ങൾക്ക് വഴിമാറി ചെലവിടപ്പെടുന്നു. ഈ തരത്തിൽ മുസ്ലീം സമൂഹമെന്ന മൈതാനത്തേക്ക് ചിലർ നുഴഞ്ഞുകയറുകയും പ്രതിരോധത്തിൽ ഊന്നിയ കളി മാത്രം കളിക്കാൻ മുസ്ലീം സമൂഹത്തെ നിർബന്ധിക്കുകയും ചെയ്യുന്നു.

ഇരുപത്തിയൊന്നാമത്തെ നൂറ്റാണ്ടിലെ ഇന്ത്യയിൽ മുസ്ലീങ്ങളും ക്രിസ്ത്യാനികളുമായ നമ്മുടെ ചുമലുകളിൽ വലിയ ഉത്തരവാദിത്തമാണ് ഉള്ളത്. പ്രതികൂല ഒഴുക്കിനെ അനുകൂല പദ്ധതികളാക്കി പരിവർത്തനം ചെയ്യുന്നതിന് നമ്മൾ ഭരണഘടനാപരമായ പരിശ്രമങ്ങൾ നടത്തേണ്ടതുണ്ട്. അതിനായി നമ്മൾ തന്ത്രപരമായ ഒരു സമീപനം എടുക്കേണ്ടതുണ്ട്. ഇത് വർഷം 2013 ആണ്, നമുക്ക് വിവരാവകാശ നിയമത്തിന്റെ പിന്തുണയുമുണ്ട്. എന്നിട്ടും കേന്ദ്ര സർക്കാരിന്റെ ഫയലുകളിൽ എന്തൊക്കെ പല ഫയലുകളിലും എന്തൊക്കെ നടക്കുന്നുവെന്ന് സർക്കാർ വെളിപ്പെടുത്താറില്ല. രണ്ടാമതായി, സച്ചാർ കമ്മറ്റിയുടെ ശുപാർശകളെ സർക്കാർ പാടെ നിരാകരിച്ചുകൊണ്ട് രണ്ടാമതൊരു

ഡിലിമിറ്റേഷൻ കമ്മീഷനെ നിയമിച്ചു. കാര്യമായ മുസ്ലീം ജനസംഖ്യയുള്ള തെരഞ്ഞെടുപ്പ് മണ്ഡലങ്ങളെ ഈ കമ്മീഷൻ വഴി മുസ്ലീം റിസർവേഷനിൽ നിന്ന് ഒഴിവാക്കി. മൂന്നാമതായി, 2010-ലെ മുസ്ലീം വിരുദ്ധ വിജ്ഞാപനം സർക്കാർ ഇപ്പോഴും പിൻവലിച്ചിട്ടില്ല. ഇന്ത്യൻ പൊലീസ് സർവീസിലെ 1400 അധിക പോസ്റ്റുകളിൽ ഒരു പരിമിത മത്സരക്ഷമതാ പരീക്ഷയിലൂടെ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള ഉത്തരവായിരുന്നു ഇത്. എടുത്തുപറയേണ്ടുന്ന കാര്യങ്ങൾ ഇനിയും ഉണ്ട്. ദേശീയ രാഷ്ട്രീയ-ഇലക്റ്ററൽ ചെസ്സ്ബോർഡിൽ കഴിഞ്ഞ 65 വർഷങ്ങളായി നമ്മൾ മുസ്ലീങ്ങളും ക്രിസ്ത്യാനികളും കാലാൾപടയായി ചലിച്ചുകൊണ്ടിരിക്കുകയാണ്. ഇത്രയും മന്ദഗതിയിലുള്ള ഒരു നൂറ്റാണ്ടിനെ നിയന്ത്രിക്കുന്നതിനുള്ള നേരിയ ഉദ്ദേശ്യം പോലും നമ്മൾ അകറ്റിനിർത്തണം. ഇന്ത്യൻ സാമൂഹിക - രാഷ്ട്രീയ വ്യവസ്ഥിതികൾ എന്ന രീതിയിൽ നമ്മൾ പരിതാപകരമായി പരാജയപ്പെട്ടു, അധോഗതിയുടെ ഗർത്തത്തിൽ നമ്മൾ വീണിരിക്കുകയാണ്, നമ്മൾ അപമാനിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യുന്നു. വളർന്നുവന്നുകൊണ്ടിരിക്കുന്ന തലമുറകളുടെ സാമൂഹ്യജീവിതം അമ്മാനമാടാൻ നമുക്ക് അർഹതയില്ല. നമ്മുടെ സമൂഹങ്ങളുടെ നയം അടിമുടി മാറ്റുന്നതിന് നടപടികൾ കൈക്കൊള്ളേണ്ട സമയമാണിത്. ദേശീയ ചെസ്സ്ബോർഡിലെ കാലാൾപടയായിരിക്കുന്നതിന് പകരമായി, എല്ലാ ദിശകളിലേക്കും സഞ്ചരിക്കാൻ കഴിവുള്ള മന്ത്രിയെപ്പോലെയാകാൻ നാം സ്വയം പ്രാപ്തരാകണം.

നമ്മുടെ ഭരണ ഘടന 1950-ൽ മുസ്ലീം അല്ലാത്തവരും ക്രിസ്ത്യൻ അല്ലാത്തവരുമായ ദളിത് പൌരന്മാർക്ക് റിസർവേഷൻ അനുശാസിക്കുന്നുണ്ട്, പിന്നീട് 'മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക്' ആയി 42 ശതമാനവും നീക്കിവച്ചിട്ടുണ്ട്. ദേശീയ ജനസംഖ്യയുടെ ഈ അവഗണിക്കാനാകാത്ത വിഭാഗത്തിന് വിദ്യാഭ്യാസപരവും സാമ്പത്തികപരവുമായ ഉന്നമനത്തിന് സംശയലേശമന്യേ ഈ ആനുകൂല്യം വഴിവച്ചിട്ടുണ്ട്. എന്നിരുന്നാലും, ഇതിന്റെ വിഭാഗങ്ങൾക്കിടയിലെ സാമൂഹിക അവസ്ഥയ്ക്ക് അൽപ്പം പോലും പുരോഗതി ഉണ്ടായിട്ടില്ല. ആർക്കും അസൂയ തോന്നാത്തതരത്തിൽ സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ ഇപ്പോഴും മെലിഞ്ഞുകൊണ്ടിരിക്കുകയാണ് പട്ടിക ജാതിക്കാരും (എസ്സി) മറ്റ് പിന്നോക്ക വിഭാഗങ്ങളും (ഓബിസി). അവർ യഥാർത്ഥത്തിൽ മാനസിക സമ്മർദ്ദമോ നിരാശയുടെയും അവകാശലംഘനത്തിന്റെയും ഒറ്റപ്പെടലിന്റെയും സാമൂഹിക പിൻവാങ്ങലിന്റെയും യഥാർത്ഥ കോംപ്ലക്സ് അനുഭവിക്കുന്നില്ല. സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ അവർ ഇപ്പോഴും പറ്റിപ്പിടിച്ചുകൊണ്ട് തുടരുന്നു. എസ്സി/ഒബിസി വിഭാഗങ്ങൾക്ക് വേണ്ടി ശബ്ദമുയർത്തുന്നതിന്റെ ഒരംശം പോലും എസ്സി അല്ലാത്തവരും ഒബിസി അല്ലാത്തവരുമായ ജനവിഭാഗങ്ങൾക്ക് നമ്മുടെ ലഭിക്കുന്നില്ല. ഒരു വലിയ പരിവർത്തനം കൊണ്ടുവരുന്നതിനായി, ദശലക്ഷക്കണക്കിന് ആളുകൾ അവരുടെ മതപരമായ സാഹിത്യത്തിലും പാരമ്പര്യങ്ങളിലും ഊറിക്കൂടിയിട്ടുള്ള, ആയിരക്കണക്കിന് വർഷത്തെ പഴയ സാമൂഹിക സംസ്കാരത്തോട് വിട പറയേണ്ടതുണ്ട്. എസ്സിയോട് ഔദാര്യപൂർവമായ മനോഭാവം പുലർത്തുന്ന 1950-കളിലെ ഭരണഘടന വ്യവച്ഛേദങ്ങളും തുടർന്നുള്ള ഭേദഗതികളും ആളുകളുടെ മനസ്സിൽ ആവശ്യമുള്ള മാറ്റം വരുത്തുന്നതിൽ പരാജയപ്പെട്ടു. ഈ ഉദ്ദേശ്യത്തിനായി നമ്മുടെ മുഴുവൻ ഭരണഘടനയും നിയമഗ്രന്ഥങ്ങളും ഒരുതരം കാലിഡോസ്കോപ്പ് പോലെ പ്രവർത്തിക്കരുത്.

എസ്സികളുടെയും എസ്ടികളുടെയും ഒബിസികളുടെയും മനസ്സിൽ സൃഷ്ടിക്കപ്പെട്ട വേദനാജനകമായ ശൂന്യത നിറയ്ക്കുന്നതിനും എപ്പോഴും നിസ്സാരവൽക്കരിക്കപ്പെടുന്നത് കാരണം അവരുടെ വികാരത്തിനേറ്റ വ്യണത്തിന് ആശ്വാസമേകുന്ന ലേപനം പുരട്ടുന്നതിനുമായി ഹീര ഗുഹയിൽ നിന്ന് ഒരു പ്രവാചകൻ ഇറങ്ങിവന്നു. മുറിവേറ്റ ഹൃദയങ്ങളെ ആശ്വസിപ്പിക്കാനും വ്യണപ്പെടുത്തുന്ന മാനസിക വിടവുകളെ നിറയ്ക്കുന്നതിനും അവൻ മനുഷ്യകുലത്തി ന് ഒരു ഒറ്റമൂലി നൽകി. അവൻ അടിമത്തത്തിന്റെ അവസാനം പ്രഖ്യാപിച്ചു. സാമൂഹിക ജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടതായി സമത്വം വിളംബരം ചെയ്തു. പിന്നെയെന്തുകൊണ്ടാണ് ഒരു സമൂലപരിവർത്തനം കൊണ്ടുവരികയും സന്തോഷിക്കുകയും നമുക്കു കഴിയാത്തത്, സഹോദരങ്ങളേ? പ്രവാചകൻ നമുക്ക് തന്നെ ഒറ്റമൂലി എന്തുകൊണ്ട് നമുക്ക് പ്രയോജനപ്പെടുത്തിക്കൂടാ? അല്ലമ ഇഖ്ബാലിന്റെ പ്രവചനം എന്തുകൊണ്ട് നമുക്ക് യാഥാർത്ഥ്യമാക്കിക്കൂടാ:

Nikal ke sahra se  jisne Romaan ki sultanat ko  palat diya tha,
Suna hai ye qudsiyon se mainey wo sher phir hoshyaar hoga.

മരുഭൂമിയിൽ നിന്ന് ഉത്ഭവിക്കുകയും റോമൻ സാമ്രാജ്യത്തെ കടപുഴക്കുകയും ചെയ്യുന്ന സിംഹം അതിന് വീണ്ടും ഊർജ്ജം പകരുമെന്ന് ദൈവിക സ്വരം പറയുന്നു.

അടിസ്ഥാന ഇസ്ലാമിക്ക് അനുശാസനങ്ങൾ നമ്മൾ മനസ്സിലാക്കുകയും വിലമതിക്കുകയും യഥാർത്ഥത്തിൽ അവ പ്രയോഗത്തിൽ കൊണ്ടുവരികയും വേണം. ഈ പ്രധാനപ്പെട്ട പ്രശ്നത്തെ കുറിച്ച് ഞാൻ പട്ടിക വർഗ്ഗ നേതാവായ ഉദിത്ത് രാജിനോട് വിശദമായി സംസാരിച്ചിരുന്നു. സന്തോഷത്തോടെ ഞാൻ എഴുതട്ടെ, രാഷ്ട്രപതിയുടെ ഷെഡ്യൂൾഡ് കാസ്റ്റ്സ് ഓർഡറിൽ (1950) നിന്ന് ഖണ്ഡിക 3 ഒഴിവാക്കണമെന്ന ജസ്റ്റിസ് മിശ്ര കമ്മീഷന്റെയും സച്ചാർ കമ്മിറ്റിയുടെയും ശുപാർശ അദ്ദേഹം പൂർണ്ണമായും പിന്തുണച്ചു. പട്ടിക ജാതികളുടെ നിർവചനത്തിൽ നിന്ന് നിർദ്ദിഷ്ട മതപരമായ കൂറിന്റെ വ്യവസ്ഥ എടുത്തുകളയണം എന്ന നിർദ്ദേശവും അദ്ദേഹം അംഗീകരിച്ചു. അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ രേഖാമൂലമായും അദ്ദേഹം എഴുതിത്തരുകയുമുണ്ടായി. എങ്കിൽ പിന്നെ എന്തുകൊണ്ടാണ് നമ്മൾ മുസ്ലീങ്ങൾ 65 വർഷത്തെ മതപരമായ മുൻവിധികൾ ഉന്മൂലനം ചെയ്യാൻ അനശ്വരമായ പ്രവാചക രസായനവിദ്യ ഉപയോഗിക്കുന്നില്ല? ക്രിസ്ത്യൻ നേതാക്കളോടും മറ്റ് എസ്ടി നേതാക്കളോടും ഞാൻ ഇതേപ്പറ്റി സംസാരിച്ചുകൊണ്ടിരിക്കുന്നുണ്ട്. കഴിഞ്ഞ 65 വർഷമായി തുടർന്നുവരുന്ന, മതത്തെ അടിസ്ഥാനമാക്കി അവകാശം തട്ടിപ്പറിക്കുന്നതിനെ കുറിച്ച് അവർക്കും മുസ്ലീമുകളുടെ ചിന്താഗതി തന്നെയാണുള്ളത്, അവർ പൂർണ്ണ മനസ്സോടെ ഈ കാമ്പയിനെ പിന്തുണയ്ക്കുന്നുമുണ്ട്. എക്സിക്യൂട്ടീവ് ഓർഡറിൽ (1950) നിന്ന് ഖണ്ഡിക 3 നീക്കം ചെയ്താൽ, കിസ്ത്യൻ - മുസ്ലീം മതവിഭാഗങ്ങളിലെ കൊല്ലന്മാർക്കും ചെരുപ്പുകുത്തികൾക്കും ഭരണഘടനയുടെ പരിഗണനയും അവകാശവും ലഭിക്കും. കഴിഞ്ഞ 65 വർഷമായി ഹിന്ദി, സിഖ്, ബുദ്ധമത വിഭാഗങ്ങളിൽ നിന്നുള്ള ക്ഷുരകർക്കും കൊല്ലന്മാർക്കും ചുരുപ്പുകുത്തികൾക്കും മാത്രമാണ് ഭരണഘടനയുടെ പരിഗണയും അവകാശങ്ങളും ലഭിക്കുന്നത്. കുറച്ചുകൂടി തെളിച്ചു പറഞ്ഞാൽ, പാർലമെന്റ് -

നിയമസഭാ മണ്ഡലങ്ങളിലും ജില്ലാ/താലൂക്ക് പരിഷദുകളിലും പഞ്ചായത്ത് സമിതികളിലും ഗ്രാമ പഞ്ചായത്തുകളിലും റിസർവ് ചെയ്തിട്ടുള്ള സീറ്റുകളിൽ മത്സരിക്കാൻ നമുക്ക് അർഹത ലഭിക്കും. വർഷാവർഷങ്ങളിൽ യുപിഎസ്സി നടത്തുന്ന സിവിൽ സർവീസസ് പരീക്ഷകളിലൂടെ സർക്കാർ ഉദ്യോഗസ്ഥരാകാനും മുസ്ലീം - ക്രിസ്ത്യൻ മതവിഭാഗങ്ങളിലെ പിന്നോക്കക്കാർക്ക് കഴിയും. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പിന്നോക്കക്കാർക്കായി നീക്കിവച്ചിട്ടുള്ള സീറ്റുകളും ഈ മതവിഭാഗങ്ങളിലെ അർഹതപ്പെട്ടവർക്ക് ലഭിക്കും.

ഇതിനായി, ഇന്ത്യയിലെ മുസ്ലീമുകളായ നമ്മൾ കൂടുതൽ നല്ല മുസ്ലീങ്ങൾ ആകേണ്ടതുണ്ട്. സംഭവം നടന്നശേഷം ഉദിക്കുന്ന ബുദ്ധി നാം മാറ്റിവയ്ക്കണം. അന്തിമ വിധിനാളിൽ ഉറച്ച ഹൃദയത്തോടെ പരമകാരുണികനെ കാണാനും നമ്മുടെ ചെയ്തികൾക്ക് പ്രതിഫലം വാങ്ങാനും നമ്മൾ ലോക പ്രതിഭാസങ്ങളെ ശരിക്ക് മനസ്സിലാക്കണം. ആ വെളിച്ചത്തിൽ മനുഷ്യകുലത്തിന്റെ ഉന്നമനത്തിനായി നാം എന്ത് കഴിയുമോ അത് ചെയ്യണം. മൊത്തം മനുഷ്യകുലത്തിന്റെയും സമത്വമെന്ന സാഹചര്യത്തിൽ പ്രവാചകന്റെ അനുശാസനകൾ നടപ്പിലാക്കിക്കൊണ്ട്, നമ്മുടെ എസ്‌സി, ഒബിസി സഹോദരങ്ങൾക്കും സ്നേഹഹസ്തങ്ങൾ നമ്മൾ നീട്ടണം, നൂറ്റാണ്ടുകളായുള്ള അവരുടെ വൃണങ്ങൾ നമ്മൾ സ്വാന്തനിപ്പിക്കണം, മറ്റേതൊരു മനുഷ്യരെയും പോലെ അവരുടെ അന്തസ്സും നമ്മൾ പുനസ്ഥാപിക്കണം. ഇങ്ങനെ, നമുക്ക് പരസ്പരം കൈകോർത്ത് നീങ്ങാം. അപ്പോൾ നമ്മുടെ ഇലക്ടറൽ ശേഷി (സെൻസസിന് അനുസരിച്ച് പോലും) പതിന്മടങ്ങ് വർദ്ധിക്കും, തെരഞ്ഞെടുപ്പ് പ്രവർത്തനത്തിൽ നമുക്ക് വിശാലമായൊരു വീക്ഷണവും ലഭിക്കും. അങ്ങനെ നമ്മൾ എസ്‌സികളെയും എസ്ടികളെയും ഓബിസികളെയും വിലമതിക്കേണ്ടതുണ്ട്, അവരെ ബഹുമാനിക്കേണ്ടതുണ്ട്, വിശുദ്ധ ഖുറാനിൽ പരമകാരുണികൻ നമ്മളോട് ആജ്ഞാപിച്ചിരിക്കുന്നതിന് അനുസരിച്ച് നമ്മൾ അവരോടൊപ്പം നയരൂപീകരണവും നടത്തേണ്ടതുണ്ട്.

*സക്കാത്ത് ഫൗണ്ടേഷൻ ഇന്ത്യയുടെ പ്രസിഡന്റാണ് രചയിതാവ്. ഇമെയിൽ: info@zakatindia.org*